അനുസ്മരണം

ഹമീദ് വാണിമേൽ

# പി.എം ആലിക്കോയ എന്ന ഇല്ലുഹാജി



ജമാഅത്തെ ഇസ്‌ലാമി അംഗവും കോഴിക്കോട് നഗരത്തിൽ പ്രസ്ഥാനത്തിന്റെ സജീവ സാന്നിധ്യവുമായിരുന്ന പി.എം. ആലിക്കോയ എന്ന ഇല്ലുഹാജി 2009 ജൂലൈ 9 വ്യാഴാഴ്ച നമ്മെ വിട്ടു പിരിഞ്ഞു. അരനൂറ്റാണ്ടുകാലം പ്രസ്ഥാനത്തിനും അതിന്റെ വിവിധ സംരംഭങ്ങൾക്കും വിലപ്പെട്ട സേവനങ്ങൾ നൽകിയാണ് അദ്ദേഹം അല്ലാഹുവിലേക്ക് തിരിച്ചുപോയത്. ഇല്ലുഹാജി സമ്പത്തും സമയവും പ്രസ്ഥാനമാർഗത്തിൽ പരമാവധി സമർപ്പിക്കുകയും പ്രവർത്തകരെയും നേതാക്കളെയും അതിരുകളില്ലാതെ സ്നേഹിക്കുകയും ചെയ്തു. ഒരു വ്യക്തിക്ക് ഇസ്‌ലാമിന്നും പ്രസ്ഥാനത്തിന്നും എത്ര വിലപ്പെട്ട സംഭാവനകളർപ്പിക്കാൻ സാധിക്കുമെന്ന് കർമ നിരതമായ ജീവിതത്തിലൂടെ അദ്ദേഹം കാണിച്ചു തന്നു. നഗരത്തിലെ പ്രസ്ഥാനത്തിന്റെ ഓരോ ചുവടുവെപ്പിലും ഓന്നാമനായി നിൽക്കാനും വെല്ലുവിളികളെ ആർജവത്തോടെ നേരിടാനും അദ്ദേഹത്തിന് സാധിച്ചു. സമുദായ മുഖ്യധാരയിലും ബന്ധുമിത്രാദികളിലും പെട്ടവർ പ്രസ്ഥാന ബന്ധത്തിന്റെ പേരിൽ അനിഷ്ടം രേഖപ്പെടുത്തിയിട്ടും ആൾബലവും ഭൗതികശക്തിയുമില്ലാത്ത കാലത്തും പ്രസ്ഥാനത്തോടൊപ്പം അടിയുറച്ച് മുന്നോട്ടുപോകാൻ അസാമാന്യമായ ധൈര്യം അദ്ദേഹം കാണിച്ചു.

നഗരത്തിലെ ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ ആദ്യകാല സഹായികളിൽ പ്രമുഖനായിരുന്ന സി.കെ. ആലിക്കോയ ഹാജിയുടെ മകൾ സഫിയയാണ് ഇല്ലുഹാജിയുടെ ഭാര്യ. ഭാര്യാപിതാവാണ് ഇസ്‌ലാമിക പ്രവർത്തനങ്ങളിൽ അദ്ദേഹത്തിന് പ്രചോദനം നൽകിയത്. ജമാഅത്ത്, മുജാഹിദ് വിഭജനം ശക്തിപ്പെട്ടിട്ടില്ലാത്ത അക്കാലത്ത് ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ തന്നെ രണ്ട് ധാരകളായിട്ടാണ് ഇരുസംഘടനകളും കോഴിക്കോട് നഗരത്തിൽ അംഗീകരിക്കപ്പെട്ടത്. മുസ്‌ലിം പൗര പ്രമുഖന്മാർ ഇരുപക്ഷത്തെയും പണ്ഡിതന്മാർ നേതൃത്വം നൽകുന്ന പുരോഗമന പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്തു. അന്ന് പട്ടാളപള്ളിയിൽ ഹാജി സാഹിബടക്കമുള്ള ജമാഅത്ത് നേതാക്കൾ ഖുതുബ നടത്തുകയും ഈദുഗാഹുകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തിരുന്നു.

ഈ ഘട്ടത്തിൽ ഭാര്യാപിതാവിന്റെ നിർദേശപ്രകാരം കെ.സിയെ തേടി ചേന്ദമംഗല്ലൂരിൽ പോയതും മൊയ്തുമൗലവിയെ അന്വേഷിച്ച് വാണിമേലിലേക്ക് യാത്ര ചെയ്തതും വാഹനങ്ങളില്ലാതെ കിലോമീറ്ററുകളോളം നടന്നതും അദ്ദേഹം അനുസ്മരിക്കാറുണ്ട്.

കോഴിക്കോട് നഗരത്തിലെ മുഴുവൻ പ്രസ്ഥാന സ്ഥാപനങ്ങളുടെയും സംരംഭങ്ങളുടെയും നിർമാണത്തിലും നടത്തിപ്പിലും നേതൃത്വം കൊടുക്കാൻ അദ്ദേഹമുണ്ടായിരുന്നു. നഗരത്തിലെ പ്രമുഖ പള്ളിയായ ലുഅ്ലുഅ്ന്റെ നിർമാണത്തിലും നടത്തിപ്പിലും അദ്ദേഹം മുഖ്യപങ്ക് വഹിച്ചു. ഈ വരുന്ന റമദാനിലേക്കുള്ള ഇമാമിനെവരെ നിശ്ചയിച്ചുകൊണ്ടാണ് അദ്ദേഹം പരലോകത്തേക്ക് യാത്രയായത്. കുണ്ടുങ്ങലിലെ മസ്ജിദുൽ മർജാനും മാനേരി നമസ്കാരപ്പള്ളിയും നിർമിക്കുന്നതിലെ മുഖ്യ ശിൽപി അദ്ദേഹം തന്നെയാണ്. പള്ളി പരിപാലനത്തിലും ജീവനക്കാരുടെ ജീവിത പ്രശ്നങ്ങളിലും ഇടപെടാനും പ്രയാസങ്ങൾ മാന്യമായി പരിഹരിക്കാനും അദ്ദേഹം മറന്നില്ല. വിദ്യാഭ്യാസ മേഖലയിൽ ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന അൽഹറമെയിൻ സ്കൂളിന്റെ നിർമാണത്തിലും ചേന്ദമംഗല്ലൂർ ഇസ്‌ലാഹിയാ അസോസിയേഷന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും അദ്ദേഹം സജീവമായിരുന്നു.

സിറ്റിസകാത്ത് കമ്മിറ്റിയുടെ രൂപവത്കരണത്തിലും അദ്ദേഹത്തിന്റെ സജീവ സാന്നിധ്യമുണ്ട്. ഏകദേശം കാൽകോടിയോളം രൂപ പ്രതിവർഷം പാവങ്ങൾക്ക് നൽകുന്ന വലിയ സംരംഭമായി ഇന്നത് മാറിയിരിക്കുന്നു. സ്വന്തമായി ധാരാളം സേവന പ്രവർത്തനങ്ങളും അദ്ദേഹം നടത്തി. പൊതു സംരംഭങ്ങളുടെ ചുമതലകൾ കൃത്യമായും ഭംഗിയായും നിർവ്വഹിക്കാൻ അദ്ദേഹം കണിശത കാണിച്ചു. സാമ്പത്തിക ഇടപാടുകളിലും കണക്കുകളിലും അതീവ സൂക്ഷ്മാലുവായിരുന്നു.

നല്ല വായനക്കാരനും പ്രസ്ഥാന ചലനങ്ങളുടെ സൂക്ഷ്മ നിരീക്ഷകനുമായിരുന്നു ഇല്ലുഹാജി. തന്റെ മക്കളടക്കമുള്ള പുതിയ തലമുറയിലെ പ്രവർത്തകരോട് വായിക്കണമെന്ന് അദ്ദേഹം നിരന്തരം ഉപദേശിച്ചു. വായനയില്ലാത്ത പ്രവർത്തകന് പ്രസ്ഥാനത്തോടൊപ്പം സഞ്ചരിക്കാൻ സാധ്യമല്ലെന്ന് ഇല്ലുഹാജി പലപ്പോഴും പറയുമായിരുന്നു. മരണത്തിന്റെ നാലു ദിവസം മുമ്പ് ആശുപത്രിയിൽവെച്ച് അല്പസമയം സംസാരിച്ചപ്പോഴും *പ്രബോധനം* ലേഖനവും *മാധ്യമം* വാരികയിലെ രാഷ്ട്രീയ ലേഖനങ്ങളുമാണ് വിഷയമായത്. *മാധ്യമം* ദിനപത്രത്തിന് അതിന്റെ കരുത്തനായ പ്രചാരകനെയും സംഘാടകനെയുമാണ് നഷ്ടമായിരിക്കുന്നത്.

മുസ്‌ലിം ഐക്യത്തിന് വലിയ പ്രാധാന്യം കൽപിച്ചിരുന്നു അദ്ദേഹം. സ്വന്തം ജീവിതത്തിലൂടെ അദ്ദേഹം അത് പ്രയോഗവൽക്കരിച്ചു. സുന്നി, മുജാഹിദ് പ്രസ്ഥാനങ്ങളോടൊന്നും ശത്രുതാപരമായ സമീപനം അദ്ദേഹത്തിനുണ്ടായിരുന്നില്ല. സംഘടനാ പക്ഷപാതിയാവാതെ പ്രസ്ഥാന താൽപര്യത്തോടൊപ്പം സഞ്ചരിക്കുകയാണ് അദ്ദേഹം ചെയ്തത്. മുസ്‌ലിം ഐക്യത്തിന് വിള്ളലുണ്ടാക്കുന്ന യാതൊരു നീക്കവും പ്രസ്ഥാനം നടത്തരുതെന്ന് വാശിയുള്ള പ്രവർത്തകനായിരുന്നു ഇല്ലുഹാജി.

സിറ്റിയിൽ ജമാഅത്തിന് സ്വന്തമായി ഒരു ഈദ്ഗാഹ് തുടങ്ങാൻ പലരും താൽപര്യം പ്രകടിപ്പിച്ചിട്ടും അദ്ദേഹം അതിനെ പ്രോത്സാഹിപ്പിച്ചില്ല. മാസപ്പിറവി വിഷയത്തിൽ പെരുന്നാൾ രണ്ട് ദിവസമായ സാഹചര്യത്തിൽ ഒരു ഈദ്ഗാഹ് അനിവാര്യമായ ഘട്ടത്തിലാണ് അദ്ദേഹം ഈദ്ഗാഹ് സംഘാടനത്തിൽ പങ്കാളിയായത്. പ്രതിയോഗികളുടെ രീതിയും ശൈലിയും ഒരിക്കലും അനുധാവനം ചെയ്യരുതെന്നും നമ്മുടെ അജണ്ട മറ്റുള്ളവർ തീരുമാനിക്കുന്ന സ്ഥിതിവിശേഷം പ്രസ്ഥാനം ഉണ്ടാക്കരുതെന്നും അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. മറ്റുള്ളവരുടെ നിലപാടിനെ നിശിതമായി വിമർശിക്കുമ്പോഴും വ്യക്തിവിരോധവും ശത്രുതയും ആരോടും പുലർത്തിയില്ല. തന്റെ സഹധർമ്മിണിയെയും മൂന്ന് ആൺമക്കളെയും ദൗത്യനിർവഹണത്തിൽ തന്റെ പിൻഗാമികളാക്കി മാറ്റിയാണ് അദ്ദേഹം യാത്രയായത്. അല്ലാഹു അദ്ദേഹത്തിന്റെ കർമ മാർഗത്തിലെ എല്ലാ നന്മകൾക്കും അർഹമായ പ്രതിഫലവും സ്വർഗവും നൽകി അനുഗ്രഹിക്കട്ടെ! ■